## ക്യാൻസർ രോഗികൾക്ക് സൗജന്യ യാത്ര

232 (1663) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് വന്ന് പോകുന്ന പാവപ്പെട്ട രോഗികൾക്കും കൂടെവരുന്ന ഒരാൾക്കും ബസ്സ്/ട്രെയിനുകളിൽ സൗജന്യ യാത്ര അനുവദിയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ക്യാൻസർ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്കും കൂടെ സഹായി ആയി എത്തുന്ന ഒരാൾക്കും കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ചികിത്സയ്ക്ക് വന്ന് പോകുന്നതിന്, ബസ്സിലും ട്രെയിനിലും യാത്രാ ആനുകൂല്യം നൽകുവാൻ ആരോഗ്യ വകുപ്പ് മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആർ.സി.സി.-യിലെ ക്യാൻസർ രോഗികൾക്ക് റെയിൽവേ സൗജന്യ നിരക്കിൽ യാത്ര അനുവദിച്ചിട്ടുണ്ട്. രോഗിയുടെ തൊട്ടടുത്ത റെയിൽവേ സ്റ്റേഷനിൽ നിന്ന് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെയും തിരികെയുള്ള യാത്രയ്ക്കുമാണ് സൗജന്യം അനുവദിച്ചിട്ടുള്ളത്. ഇതിനായി ഓരോ തവണത്തെ ആശുപത്രി സന്ദർ ശനത്തിനും രോഗിക്ക് ആർ.സി.സി.-യിൽ നിന്നും കൺസെഷൻ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ഈ സർട്ടിഫിക്കറ്റ് റെയിൽവേ സ്റ്റേഷനിലെ ടിക്കറ്റ് കൗണ്ടറിൽ കാണിച്ചാൽ രോഗിക്ക് സൗജന്യ നിരക്കിലും ഒരു സഹായിക്ക് 50% സൗജന്യ നിരക്കിലും കൺസെഷൻ ടിക്കറ്റ് ലഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യിൽ ഇത്തരത്തിലുള്ള ഒരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല.

## കുടുംബക്ഷേമ കേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി

233 (1664) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും ഒരു കുടുംബക്ഷേമ കേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമായി മാറ്റുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 28-3-2017-ലെ സ.ഉ.(ആർ.ടി.)845/2017/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ ഓരോ മണ്ഡലങ്ങളിലെയും തെരെഞ്ഞെടുക്കപ്പെട്ട ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ വീതം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) സാർവ്വത്രികവും സൗജന്യവും സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ഓരോ കുടുംബത്തിനും നൽകുവാനും, അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ കുടുംബ ആരോഗ്യകേന്ദ്രം എന്ന തലത്തിലേയ്ക്ക് കൊണ്ടുവരുന്നതിലൂടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കാനും, സാധാരണ ചികിത്സ സേവനങ്ങൾക്ക് വേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നത് തടയുവാനും കഴിയുന്നു. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ജീവിതശൈലീ രോഗങ്ങളുടെ കണ്ടെത്തലിനും തുടർ ചികിത്സയ്ക്കുമുള്ള സംവിധാനങ്ങൾ (ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടെ) ഓരോ കേന്ദ്രത്തിലും സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള സ്റ്റാഫുകൾക്ക് പുറമേ ഡോക്ടർമാർ, സ്റ്റാഫ് നഴ്സമാർ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### പയ്യന്നൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

234 (1665) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) പ്രസ്തുത യൂണിറ്റ് എന്നത്തേയ്ക്ക് സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്ന് ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാവുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

### പള്ളുരുത്തി സർക്കാർ ആശുപത്രി

235 (1666) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയത് എന്നാണ്;

(ബി) താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനുള്ള സ്റ്റാഫ് പാറ്റേൺ ഇവിടെ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ആവശ്യത്തിന് ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനം